പ്രകൃതി നിരീക്ഷണം



# കാക്ക

ഉണ്ണിയുടെ കൈയ്യിലെ അപ്പം തട്ടിയെടുത്ത കാക്കയെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടാകും. ‘കാക്കേ കാക്കേ കൂടെവിടെ, കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ?’ എന്നു തുടങ്ങുന്ന വരികൾ പാടാത്തവരാരും ഉണ്ടാവില്ല.

കഥയായും കവിതയായും മാത്രമല്ല നമ്മുടെ ചുറ്റുവട്ടത്ത് നമ്മുടെ സുഹൃത്തായും കൂടെയുള്ള പക്ഷിയാണ് കാക്ക.

ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും കാക്കകൾ കാണപ്പെടുന്നു. പട്ടണങ്ങളിലും ഗ്രാമങ്ങളിലുമെല്ലാം യാതൊരു പേടിയുമില്ലാതെ പറന്നു നടക്കുന്ന ഇവ മനുഷ്യരെ ചുറ്റിപ്പറ്റി കഴിയാനാണ് താൽപര്യം കാണിക്കുന്നത്. കണ്ണിൽ കാണുന്നതെന്തും തിന്നാൻ പറ്റുമോയെന്ന് പരിശോധിക്കും.

ഇലയും പുല്ലുമൊഴികെ മറ്റു പക്ഷികൾ തിന്നുന്നതെന്തും കാക്കകൾക്ക് പഥ്യമാണ്. നമ്മൾ വലിച്ചെറിയുന്ന ജൈവാവശിഷ്ടങ്ങളെല്ലാം അവ കൊത്തിത്തിന്നും.

ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് സഹായിക്കുന്നതാണ് ഈ സ്വഭാവം. എവിടെപ്പോയാലും കാക്കകൾക്ക് പട്ടിണി കിടക്കേണ്ടി വരുന്നുമില്ല.

കൗശലക്കാരനായ കാക്ക പല കാര്യങ്ങളിലും വൈദഗ്ദ്യം കാണിക്കാറുണ്ട്. കൂടുതലായി ലഭിക്കുന്ന ആഹാര സാധനങ്ങൾ വാഴയുടെ മൂട്ടിലെ കുഴികളിലോ ഓലപ്പുരകൾക്കു മുകളിലോ തിരുകി വെച്ച് ചപ്പിട്ട് മറച്ചു വെക്കാറുണ്ട്.

കാക്കകളുടെ സാമുദായിക ബോ

ധം ശക്തമാണ്. ഏതെങ്കിലും ഒരു കാക്കക്ക് എന്തെങ്കിലും പറ്റിയാൽ ഏല്ലാവരും കൂടി ശബ്ദം വെച്ച് പറന്നെത്താറുള്ളത് നിങ്ങളും കണ്ടിട്ടുണ്ടാകും.

കൂട്ടമായി തന്നെയാണ് കാക്കകളെ കൂടുതലായും കാണുക. വലിയ മരങ്ങളിൽ കൂട്ടമായി ഇവ ചേക്കേറും.

ഡിസംബർ, ജൂൺ മാസങ്ങളിലാണ് കാക്കകൾ കൂടൊരുക്കുന്നത്. കാണാൻ വലിയ ഭംഗിയൊന്നുമുണ്ടാകില്ല കാക്കകൂടുകൾക്ക്.

മൂന്ന് മുതൽ അഞ്ചുവരെ മുട്ടകളിടും. നീല നിറത്തിലുള്ള തോടിൻമേൽ തവിട്ടു കുത്തുകളും പൊട്ടുകളുള്ള മുട്ടകൾ കാണാൻ നല്ല രസമായിരിക്കും.

17 മുതൽ 19 വരെ ദിവസങ്ങളാണ് അടയിരിപ്പുകാലം. ഏകദേശം 35 ദിവസങ്ങൾക്കൊണ്ട് തൂവൽ വരും. സമർത്ഥരും കൗശലക്കാരനുമാണെങ്കിലും കാക്കകൾ ചതിയിൽ പെടാറുണ്ട്.



കാക്കക്കൂട്ടിൽ പോയി മുട്ടയിടുന്ന കുയിലുകളാണ് ഇത് ചെയ്യുക. സ്വന്തം മുട്ടകളെന്നു കരുതി വിരിയിച്ചിറക്കിയ ശേഷമേ കാക്കക്ക് അമളി തിരിച്ചറിയാൻ പറ്റൂ.

ശരീരം മുഴുവൻ കറുപ്പുള്ള ബലിക്കാക്കയും തലയും കഴുത്തും ചാരനിറവുമുള്ള പേന കാക്കയുമാണ് നമ്മുടെ നാട്ടിലെ കാക്കകൾ. താരതമ്യേന നീളം കൂടിയ മുകൾ ഭാഗവും കമാനാകൃതിയിലുള്ള കൊക്കുകളാണിവക്ക്.

'കാക്കക്കും തൻ കുഞ്ഞ് പൊൻകുഞ്ഞ്.' 'കാക്ക കുളിച്ചാൽ കൊക്കാകുമോ' തുടങ്ങിയ ചൊല്ലുകൾ സർവ്വസാധാരണമാണ്. വിശ്വാസങ്ങളോടും കാക്കകളെ ബന്ധിപ്പിക്കാറുണ്ട്.

കാക്ക കരഞ്ഞാൽ വിരുന്നുകാർ വരുമെന്നത് ഉദാഹരണം. ഹിന്ദുമത വിശ്വാസപ്രകാരം മരണാനന്തര ചടങ്ങുകളിൽ ബലി നൽകുന്നത് തിന്നാനെത്തുന്ന ബലികാക്കകൾക്ക് വലിയ പരിവേഷമുണ്ട്.

ആദ്യ മനുഷ്യൻ ആദമിന്റെ പുത്രൻ ഖാബീൽ സഹോദരൻ ഹാബീലിനെ കൊലപ്പെടുത്തിയപ്പോൾ മൃതശരീരം എന്തു ചെയ്യണമെന്നറിയാതെ വിഷണ്ണനായപ്പോൾ മറവു ചെയ്യുന്ന രീതി പഠിപ്പിച്ചത് ഒരു കാക്കയായിരുന്നുവെന്ന് ചരിത്രം പറയുന്നു. കാക്കകളുടെ നീതിബോധവും സാമുദായികതയും പക്ഷിശാസ്ത്രജ്ഞർ എടുത്തു പറഞ്ഞിട്ടുണ്ട്.

● റഫീഖ് പുതുപൊന്നാനി